*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച്, 2004**

**2004 മാർച്ചിലെ സംഭവങ്ങൾ**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 29B

*2004 ഫെബ്രുവരി 27-നും 2004 മാർച്ച് 6-നും സായി കുൽവന്ത് ഹാളിൽ സ്വാമിയുടെ മുമ്പാകെ വിദ്യാർത്ഥികൾ അഭിനയിച്ച പ്രോഗ്രാമിനെക്കുറിച്ചുള്ള വിവരണം തുടരുന്നു:*

## തളർവാതം സുഖപ്പെടുത്തുന്നു

അപ്പോൾ ഒരു അധ്യാപകൻ വിദ്യാർത്ഥികളിലൊരാളോട് തിരക്കി, ‘‘കുട്ടീ, ഇവിടെത്തി സ്വാമിയുടെ സ്കൂളിൽ ചേരുന്നതിന് നിന്നെ പ്രേരിപ്പിച്ചത് എന്താണ്? നീയിവിടെ വന്നത് വളരെ അകലെ നിന്നാണ്, ആയിരക്കണക്കിന് മൈലുകൾ അകലെനിന്നാണ്. നിന്നെ ഇങ്ങോട്ട് ആകർഷിച്ചത് എന്താണ്?’’

ആ വിദ്യാർത്ഥി ഇപ്രകാരം മറുപടി നൽകി, ‘‘സർ, എന്റെ ടീച്ചറാൽ ഞാൻ സ്വാധീനിക്കപ്പെടുകയായിരുന്നു. എന്റെ പഠനം പ്രശാന്തിനിലയത്തിലാവണമെന്ന് എന്റെ ടീച്ചറാണ് ശുപാർശ ചെയ്തത്. എന്താണ് സംഭവിച്ചതെന്ന്, സർ, താങ്കൾക്കറിയണോ? എന്റെ ടീച്ചറിന്റെ ഭർത്താവിന് ഒരു തളർച്ചയുണ്ടായി. അദ്ദേഹം ചികിത്സയ്ക്ക് പോയി, എന്നാൽ യാതൊരു വ്യത്യാസവും ഉണ്ടായില്ല. അദ്ദേഹം സത്യസായി ബാബയെക്കുറിച്ചും സൂപ്പർ സ്പെഷ്യാലിറ്റി ആസ്പത്രിയെക്കുറിച്ചും കേട്ടിരുന്നു. എന്നിരുന്നാലും, എന്റെ ടീച്ചറിന്റെ ഭർത്താവിന് സത്യസായി ബാബയിൽ വിശ്വാസമ ുണ്ടായിരുന്നില്ല.



“എങ്ങനെയോ, എന്റെ ടീച്ചർ അദ്ദേഹത്തെ പുട്ടപർത്തിക്ക് വരുന്നതിന് പ്രേരിപ്പിച്ചു. അദ്ദേഹത്തിന് ബാബയുടെ ദർശനം കിട്ടി, പക്ഷേ അദ്ദേഹത്തിന് ഇന്റർവ്യൂ തരപ്പെട്ടില്ല. ബാബ അദ്ദേഹത്തിന് വിഭൂതി നൽകിയിട്ട് അത് മൂന്നു മാസത്തേക്ക് കഴിക്കണമെന്ന് പറഞ്ഞു. ഈ മനുഷ്യന് സ്വാമിയിൽ യാതൊരു വിശ്വാസവുമുണ്ടായിരുന്നില്ല.”



“അങ്ങനെ, സ്വാമി അദ്ദേഹത്തിന് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു: ‘എന്തുകൊണ്ടാണ് നീ എന്റെ നിർദ്ദേശം അനുസരിക്കാത്തത്? ഈ വിഭൂതി മൂന്നു മാസത്തേക്ക് കഴിക്കുക; തളർവാതസംബന്ധമായ പ്രശ്നങ്ങളിൽനിന്ന് നീ മുക്തനാവും.”

“അതുകൊണ്ട്, എന്റെ ടീച്ചറിന്റെ ഭർത്താവ് വിഭൂതി കുറഞ്ഞ ഡോസിൽ കഴിക്കാൻ തുടങ്ങി. അദ്ദേഹമിത് 71 ദിവസം ചെയ്തു. ആ ദിവസം, അദ്ദേഹം തളർവാതത്തിൽനിന്നും അതിന്റെ ഫലങ്ങളിൽനിന്നും പൂർണമുക്തനായി. ഇങ്ങനെ, എന്റെ ടീച്ചറാണ് എന്നെ ഇവിടെ വരാനായി നിർദ്ദേശിച്ചത്.”

## സായി പ്രേമം അതിശയകരം

അപ്പോൾ മറ്റൊരു അധ്യാപകൻ വേറേയേതോ കുട്ടിയോട് ചോദിച്ചു, “നീ നിന്റെ മാതാപിതാക്കളിൽനിന്ന് ഏറെയകലെയാണ് ജീവിക്കുന്നത്. നിനക്കവരെ നഷ്ടമാവുന്നില്ലേ?”

ആ കുട്ടി പറഞ്ഞു, “ഇല്ല സാർ, എനിക്ക് ഒരു ലൗകികമാതാവിനെ നഷ്ടമാവുന്നുണ്ടായിരിക്കാം; എന്നാൽ ആയിരം മാതാക്കളുടെ പ്രേമമാണ് സ്വാമി ഞങ്ങളിൽ ചൊരിയുന്നത്. അതുകൊണ്ട്, എനിക്കെന്റെ അമ്മയെ നഷ്ടമാവുന്നില്ല. സായീപ്രേമം അതിശയകരമാണ്!

## ക്ഷമ പുരസ്കരിക്കപ്പെടുന്നു

ഇനി അധ്യാപകരിലൊരാൾ മറ്റൊരു കുട്ടിയോട് തിരക്കി, “ഹേ കുട്ടീ, നീയെങ്ങനെയാണ് ഇവിടെത്തിയത്? നിന്റെ ജീവിതത്തിൽ സ്വാമിയുമൊത്തുള്ള ഒരു സംഭവം നീ എന്നോട് പറയുമോ?”

“ഉവ്വ് സർ, ഞാൻ താങ്കളോട് പറയാം. ഞങ്ങളുടെ കൂട്ടുകാരിലൊരാൾ ഇവിടെയാണ് എം. ബി.എ(Master of Business Administration) ചെയ്തത്. പഠനം പൂർത്തിയായ ശേഷം അവനൊരു ഇന്റർവ്യൂവിൽ പങ്കെടുക്കുകയുണ്ടായി. കുറേ പരീക്ഷാർത്ഥികളുണ്ടായിരുന്നു, കുറേ നേരത്തേക്ക് അവരാരും തന്നെ വിളിക്കപ്പെട്ടില്ല; വളരെ വളരെ നേരത്തേക്ക്, അവർ




ലോഞ്ചിൽ സോഫയിൽ കാത്തിരിക്കുകയായിരുന്നു. മൂന്നു മണിക്കൂറുകൾക്കുശേഷം, അവർ കുറച്ചുപേരെ വിളിച്ചു, പിന്നെ അതും വീണ്ടും നിർത്തിവച്ചു. ഈ അനാവശ്യമായ കാത്തിരിപ്പ് ഓരോരുത്തരെയും ശുണ്ഠി പിടിപ്പിച്ചു, എല്ലാവരും സ്ഥലം വിട്ടു. എന്നാൽ, ഇവിടെ എം.ബി.എ ചെയ്ത എന്റെ സഹപാഠി അവിടെത്തന്നെ കാത്തിരുന്നു. വൈകുന്നേരം 4.30 മണിക്ക് അവനൊരു ക്ഷണം കിട്ടി, “കുട്ടീ, ഇവിടെ വരൂ.” അവൻ ഉള്ളിൽ പ്രവേശിച്ചു. മാനേജിംഗ് ഡയറക്ടർ അവനോട് പറഞ്ഞു, “നിന്നെ നിയമിച്ചിരിക്കുന്നു. നീ പൊയ്ക്കോളൂ.”

“സർ, താങ്കൾക്ക് എങ്ങനെയാണ് എന്നെ നിയമിക്കാനാവുക? താങ്കൾ എന്നെ ഇന്റർവ്യൂ ചെയ്തില്ല; താങ്കൾ എന്നോട് ചോദ്യങ്ങളൊന്നുംതന്നെ ചോദിച്ചതുമില്ല? എങ്ങനെയാണ് എന്നെ തെരഞ്ഞെടുത്തത്?”

അദ്ദേഹം പറഞ്ഞു, “കുട്ടീ, തെരഞ്ഞെടുപ്പിന് മാനദണ്ഡമായി നിന്റെ ക്ഷമ മതിയാകും. നീ ബാബയുടെ കോളജിലെ ഒരു വിദ്യാർത്ഥിയാണ്, അവിടെ ക്ഷമ, സ്ഥൈര്യം, പരിശുദ്ധി ഇവയ്ക്കാണ് പ്രാധാന്യം നൽകപ്പെടുന്നത്, ഊന്നൽ കൊടുക്കപ്പെടുന്നത്. ഈ ജോലിക്ക് നീ തെരഞ്ഞെടുക്കപ്പെട്ടത് എന്തുകൊണ്ടെന്നാൽ, നിന്നെ വിളിക്കുന്നതുവരെ കാത്തിരിക്കാനുള്ള ക്ഷമ നിനക്കുണ്ടായിരുന്നതുകൊണ്ടാണ്.”

## സ്വാമി മുഖക്കുരു ഭേദമാക്കുന്നു

അപ്പോൾ വിദ്യാർത്ഥികളിലൊരുവൻ പറഞ്ഞു, “സർ, ഞങ്ങൾ പല സ്ഥലങ്ങളിൽനിന്നുള്ളവരാണെന്ന കാര്യം ദയവായി ശ്രദ്ധിക്കുക, എന്നിരുന്നാലും, സത്യസായി ബാബയ്ക്ക്, ഈശ്വരന്, ഞങ്ങളുടെ ജീവിതം പരിവർത്തനം ചെയ്യാനാവുമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അവിടുന്ന് ഞങ്ങളുടെ മേൽ ചൊരിഞ്ഞ പ്രേമം അങ്ങേയറ്റം അമൂല്യമാണ്. ഞങ്ങൾക്ക് അതിശയകരമായ അനുഭവങ്ങളാണുള്ളത്.”

മറ്റൊരു വിദ്യാർത്ഥി എണീറ്റിട്ട് പറഞ്ഞു, "സർ, ഞാൻ അങ്ങയോട് ഒരു അനുഭവം പറഞ്ഞുകൊള്ളട്ടെ. ഞങ്ങൾക്കിടയിൽ ഒരു പ്രശ്നമുള്ള വിദ്യാർത്ഥിയുണ്ടായിരുന്നു. അവന്റെ മുഖത്ത് മുഖക്കുരു ഉണ്ടായിരുന്നു. ബാബ അവനെ വിളിച്ച് തിരക്കി, "എന്താണിത്?"




"സ്വാമീ, മുഖക്കുരു."

"വേദനയുണ്ടോ ഇതിന്?"

"ഉണ്ട്."

"സാരമില്ല. ഞാൻ നിനക്ക് വിഭൂതി തരാം."

"അവിടുന്ന് വിഭൂതി പുരട്ടി, മൂന്നു ദിവസങ്ങൾകൊണ്ട് മുഖക്കുരുവെല്ലാം പോയി. ഇന്ന് ആ കുട്ടി പറയും, "എന്റെ തൊലി മൃദുവാകാൻ കാരണം ഭഗവാന്റെ വിഭൂതിയാണ്."

"ഇതാണ് എന്നെ ഇന്നേവരേക്കും അവിടുന്നിനെ ആശ്രയിക്കാനിടയാക്കിയത്."

## അവിടുത്തെ വിദ്യാർത്ഥികളോടുള്ള സ്വാമിയുടെ പ്രേമം

അപ്പോൾ മറ്റൊരു വിദ്യാർത്ഥി പറഞ്ഞു, "സർ, താങ്കളോട് പറയുന്നതിന് ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്, ഞങ്ങൾ താമസിക്കുന്നത് നിരവധി സൗകര്യങ്ങളുള്ള, അൾട്രാ-മോഡേൺ ആയ ഹോസ്റ്റലിലാണ്. ഈ ഹോസ്റ്റൽ പണിതത് ബാബയുടെ മേൽനോട്ടത്തിലാണ്. അതിന് വിശാലമായ ഹാളുകളും ഫാനുകളും ഉണ്ട്, സ്വാമി ഓരോ ദിവസവും ആഹാരം കൊടുത്തയയ്ക്കുന്നു. സ്വാമിയോടുള്ള നന്ദി പ്രകാശിപ്പിക്കാനായി ഞങ്ങൾക്ക് വാക്കുകൾ കിട്ടുന്നില്ല."

അപ്പോൾ മറ്റൊരു കുട്ടി പറഞ്ഞു, "സർ, സ്വാമി നിസ്സാരവിഷയങ്ങളിലും എത്ര സൂക്ഷ്മമായ ശ്രദ്ധ പുലർത്തുന്നുവെന്ന് ഞങ്ങൾ പറയട്ടെ. ഒരു ദിവസം സ്വാമി ഞങ്ങളുടെ ഹോസ്റ്റലിലേക്ക് വന്നു. നിർമ്മാണജോലികൾക്കിടയിൽ, ഒരു ഇരുമ്പുകഷണം പുറത്തേക്ക് തള്ളിനിൽക്കുന്നത് അവിടുന്ന് കാണാനിടയായി. അതു കണ്ടിട്ട്, അവിടുന്ന് എഞ്ചിനീയറെ വിളിപ്പിച്ചു, "ഇവിടെ നോക്കൂ, അത് മുറിക്കൂ; യാതൊരു റിസ്കും എടുത്തുകൂടാ. എന്റെ ആൺകുട്ടികൾ ഈ ഹോസ്റ്റലിലാണ് തങ്ങുക; അവർ ദർശനത്തിനായി ഓടും. അവർ ഓടുമ്പോൾ, ഈ ഇരുമ്പുകഷണത്തിൽ തട്ടാനിടയുണ്ട്; അതിനാൽ, ഉടനടി ഇത് മുറിച്ചു കളയുക."

അപ്പോൾ മറ്റൊരു കുട്ടി പറഞ്ഞു, "സർ, സ്വാമി നിസ്സാരവിഷയങ്ങളിലും എത്ര സൂക്ഷ്മമായ ശ്രദ്ധ പുലർത്തുന്നുവെന്ന് ഞങ്ങൾ പറയട്ടെ. ഒരു ദിവസം സ്വാമി ഞങ്ങളുടെ ഹോസ്റ്റലിലേക്ക് വന്നു. നിർമ്മാണജോലികൾക്കിടയിൽ, ഒരു ഇരുമ്പുകഷണം പുറത്തേക്ക് തള്ളിനിൽക്കുന്നത് അവിടുന്ന് കാണാനിടയായി. അതു കണ്ടിട്ട്, അവിടുന്ന് എഞ്ചിനീയറെ വിളിപ്പിച്ചു, "ഇവിടെ നോക്കൂ, അത് മുറിക്കൂ; യാതൊരു റിസ്കും എടുത്തുകൂടാ. എന്റെ ആൺകുട്ടികൾ ഈ ഹോസ്റ്റലിലാണ് തങ്ങുക; അവർ ദർശനത്തിനായി ഓടും. അവർ ഓടുമ്പോൾ, ഈ ഇരുമ്പുകഷണത്തിൽ തട്ടാനിടയുണ്ട്; അതിനാൽ, ഉടനടി ഇത് മുറിച്ചു കളയുക."




അതായിരുന്നു ബാബയ്ക്ക് ഞങ്ങളോടുള്ള കരുതൽ. അവിടുന്ന് ഓരോ കാര്യവും വ്യത്യസ്ത വീക്ഷണകോണുകളിൽ കാണുന്നു, അത് ഞങ്ങൾക്ക് യാതൊരുതരത്തിലും ശല്യം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുന്നു. ഇതാണ് ഭഗവാന് ഞങ്ങളോടുള്ള പ്രേമം."

അപ്പോൾ അധ്യാപകർ പരസ്പരം പറഞ്ഞു, "ആ ദിനങ്ങളിലെ പുട്ടപർത്തി എന്തായിരുന്നു, ഇന്നത്തെ പുട്ടപർത്തി എന്താണ്? ഇത് സങ്കൽപാതീതമാണ്-അത്രമാത്രം കെട്ടിടങ്ങൾ, വളരെയധികം നിർമ്മിതികൾ-എത്ര അതിശയകരം! ഈ ദിവസം ഇവിടെ എത്തിയത് ശരിക്കും സാർത്ഥകമായി." ഇപ്രകാരമാണ് എല്ലാ അധ്യാപകർക്കും അനുഭവപ്പെട്ടത്.

## സ്വാമിയുടെ സർവകലാശാല 'മികവിന്റെ കേന്ദ്ര'മായി അംഗീകരിക്കപ്പെടുന്നു

അപ്പോൾ മറ്റൊരു വിദ്യാർത്ഥി എണീറ്റിട്ട് പറഞ്ഞു, "സർ, ഇന്ന് മുഴുവൻ ദേശവും പറയുന്നു, സത്യസായി വിദ്യാഭ്യാസമാണ് ഏറ്റവും മികച്ച വിദ്യാഭ്യാസം എന്ന്."

എന്റെ സുഹൃത്തുക്കളേ, ഈ വേളയിൽ ഏറ്റവും ചൂടുള്ള വാർത്ത ഞാൻ നിങ്ങൾക്ക് തരാം. ഞാൻ കോളജിൽനിന്ന് നേരിട്ട് വരികയാണ്. ഞാൻ വീട്ടിൽപ്പോലും പോയില്ല. നിങ്ങളോടാണ് ഞാനിത് ആദ്യമായി പറയുന്നത്.

ശ്രീ സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ ലേണിംഗ് ഒരു 'മികവിന്റെ കേന്ദ്ര'(Centre for Excellence)മായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനാൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിവിധ സ്കീമുകളിലായി ഗവേഷണ പ്രോജക്ടുകൾ ഫണ്ട് ചെയ്യാൻ തുടങ്ങുകയാണ്. യു.ജി.സി(യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ) മുപ്പത് കോടി അനുവദിക്കാനൊരുങ്ങുന്നു. അതൊരു ചെറിയ തുകയല്ല. ഞാനിത് ഇപ്പോൾ അറിഞ്ഞതേയുള്ളൂ.

സത്യസായി യൂണിവേഴ്സിറ്റിയെ 'മികവിന്റെ കേന്ദ്ര'മായി പ്രഖ്യാപിച്ചത് എന്തുകൊണ്ടെന്നാൽ, നിങ്ങൾക്ക് അറിയാവുന്നതുപോലെ, നാഷണൽ അസെസ്മെന്റ് & അക്രഡിറ്റേഷൻ കമ്മറ്റി– National Assessment and Accreditation Committee (NAAC)- ഈ യൂണിവേഴ്സിറ്റിയെ ഏറ്റവും മികച്ചതായി വിധിയെഴുതിയിരുന്നു. ആ ശുപാർശയുടെ അടിസ്ഥാനത്തിലാണ്, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സത്യസായി യൂണിവേഴ്സിറ്റിയെ ഒരു 'മികവിന്റെ കേന്ദ്ര'മായി പ്രഖ്യാപിച്ചത്.

ഈ വാർത്ത അറിഞ്ഞപ്പോൾ ഞങ്ങൾക്ക് വളരെ ആഹ്ലാദമുണ്ടായി, അത് ഞാൻ നിങ്ങളുമായി പങ്കു വയ്ക്കാനായി ആഗ്രഹിക്കുകയാണ്; ഇത് ഏറ്റവും ചൂടുള്ളതും പുതിയതുമായ ന്യൂസ് ബുള്ളറ്റിൻ ആകുന്നു.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)